## സ്കൂൾ ഐ ടി ക്ലബ്ബുകൾക്ക് ഏറ്റെടുത്തു നടത്താവുന്ന പ്രവർത്തനങ്ങൾ

## ഇടപ്പള്ളി ആർ ആർ സി യിൽ 14-07-2011 ന് നടന്ന ഐ ടി ക്ലബ് ഭാരവാഹികളുടെ ഏകദിന ശില്പശാലയിൽ തയ്യാറാക്കിയത്.

1. കുട്ടികളുടെ അഭിരുചി അനുസരിച്ച് പ്രത്യേക മേഖലകളിൽ (ഉദാ. മലയാളം ടൈപ്പിംഗ്, വെബ് ഡിസൈനിംഗ്, കാർട്ടൂൺ ചലച്ചിത്രങ്ങൾ തയ്യാറാക്കൽ, വിഡിയോ എഡിറ്റിംഗ്. പ്രോഗ്രാമിംഗ്) താൽപര്യവും അഭിരുചിയും ഉള്ള കുട്ടികൾക്ക് സ്കൂൾ ഇതര സമയങ്ങളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ പ്രത്യേകമായ പരിശീലനങ്ങൾ സംഘടിപ്പിക്കാം.
2. ഐ ടി യുടെ തുടർപഠനസാദ്ധ്യതകൾ, തൊഴിൽസാദ്ധ്യതകൾ എന്നിവ പരിചയപ്പെടുത്തുന്ന ക്ലാസുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കാം.
3. ഇന്റർനെറ്റ് ഉപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാം.
4. സ്കൂളുകളിൽ സംഘടിപ്പിക്കുന്ന വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് അതുമായി ബന്ധപ്പെട്ട ഐ ടി മത്സരങ്ങൾ സംഘടിപ്പിക്കാം.
5. എല്ലാ കുട്ടികൾക്കും ഇ മെയിൽ വിലാലസം തയ്യാറാക്കുന്ന പ്രവർത്തം ഏറ്റെടുത്തു നടത്താം.
6. രസതന്ത്ര വർഷാചരണം പ്രമാണിച്ച് രസതന്ത്ര ശാസ്ത്രജ്ഞൻമാരുടെ ഡിജിറ്റൽ ആൽബം തയയാറാക്കാം.
7. വിശേഷദിവസങ്ങളുമായി ബന്ധപ്പെട്ട് ഡിജിറ്റൽ ആശംസാകാർഡുകൾ തയ്യാറാക്കുന്നതിനുള്ള മത്സരം സംടിപ്പിക്കാം .
8. ഓൺലൈൻ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി രക്ഷകർത്താക്കൾക്കും പൊതുജനങ്ങൾക്കും സ്കൂൾ ഇതര സമയങ്ങളിൽ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കാം.
9. സ്വതന്ത്ര സോഫ്റ്റ് വെയറുകൾ ഉപയോഗിച്ചുള്ള ഡി റ്റി പി പരിശീലനം സംഘടിപ്പിക്കാം
10. ഹാർഡ് വെയർ മെയിന്റനൻസിനുള്ള പരിശീലനം സംഘടിപ്പിക്കാം.
11. വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ കേബിൾ വഴിയും ഓൺലൈൻ വഴിയും കുട്ടികളേയും പൊതുജനങ്ങളേയും പരിചയപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്താം .
12. ബ്ലോഗുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടത്താം

13. സ്കൂൾ വിക്കി അപ്ഡേറ്റ് ചെയ്യുന്ന പ്രവർത്തനങ്ങൾ നടത്താം.

14. മറ്റു വിഷയങ്ങളുടെ പഠനത്തിനു  സഹായകമായ ഐ ടി പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ ലാബിലും ക്ലാസ്മുറികളിലും നടത്തുന്നതിന്  നേതൃത്വം നൽകാം

15. സ്കൂളിന്  സ്വന്തമായി വെബ്സൈറ്റ് തയ്യാറാക്കുന്ന പ്രവർത്തനം നടത്താം.

16. വിവിധ സോഫ്റ്റ്‌വെയറുകൾ ലിനക്സിൽ ഇൻസ്റ്റാൾ ചെയ്യുന്ന വിധം പരിശീലിപ്പിക്കാം  .